4010400080

**QP CODE: 4010400080**

Reg No : .....................

Name : .....................

## B.Ed Degree (Credit & Semester) Regular / Supplementary Examinations, JUNE 2021

## Fourth Semester

B.Ed Degree

## Pedagogic Course - EDU403.12 - PROFESSIONAL DEVELOPMENT OF A MALAYALAM TEACHER

2018 Admission Onwards

DC01DB8B

Time: 2 Hours | Max. Marks : 50

### Part A

*Answer **all** questions*

*Each question carries **1** mark.*

1. അധ്യാപക ധാർമിക-നിയമ സംഹിത (Professional Ethics)എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
2. ഭാഷാധ്യാപകൻ ആരായിരിക്കണം എന്ന് സൂചിപ്പിക്കുന്ന ദൗത്യപ്രസ്താവന(Mission) തയ്യാറാക്കുക ?
3. ഭാഷാപഠനത്തിൽ ശില്പശാലയ്ക്ക് അനുയോജ്യമായ രണ്ട് വിഷയങ്ങൾ നിർദ്ദേശിക്കുക.
4. SCERT-യുടെ പൂർണ്ണരൂപം എന്ത്?
5. ആധുനികവത്ക്കരണം-നിർവചിക്കുക.
6. മലയാളബോധനത്തിലൂടെ വളർത്തിയെടുക്കാവുന്ന ഏതെങ്കിലും രണ്ട് മനുഷ്യധർമ്മങ്ങൾ എഴുതുക ?
7. L M S പൂർണ്ണ രൂപം എഴുതുക.
8. ദേശീയത വളർത്തിയെടുക്കുവാൻ പര്യാപ്തമായ രണ്ട് പാഠഭാഗത്തിന്റെ പേര് ഹൈസ്കൂൾ ക്ലാസ്സിലെ കേരള പാഠാവലിയിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക .
9. ബഹുവൈജ്ഞാനികത എന്നാൽ എന്ത്?
10. മലയാളസാഹിത്യഗവേഷണത്തിന് ഉചിതമായ രണ്ടു വിഷയങ്ങൾ നിർദ്ദേശിക്കുക.

(10×1 = 10)

## Part B

*Answer any **five** questions in about **half a page***

*Each question carries **2** marks.*

11. സഹരക്ഷകർത്തൃത്വം (Mentoring) എന്നാൽ എന്ത്?
12. ലഹരിവിരുദ്ധ മനോഭാവം കുട്ടികളിൽ വളർത്തുന്നതിനു വേണ്ടി നൽകാവുന്ന രണ്ട് ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ എഴുതുക ?
13. ഭാഷാ അധ്യാപകനിയമനത്തിന് വിവിധതലങ്ങളിലുള്ള യോഗ്യതകൾ എന്തെല്ലാം?
14. ഭാഷാധ്യാപകന് ഉണ്ടായിരിക്കേണ്ട വ്യക്തിപരമായ ഗുണങ്ങൾ ഏവ ?
15. ശ്രേഷ്ഠ ഭാഷാപദവി ലഭിച്ച ഇതര ഭാഷകൾ ഏതെല്ലാം ?
16. അധ്യാപകമികവ് കുട്ടികളുടെ സന്മാർഗവളർച്ചയെ സഹായിക്കുന്നുണ്ടോ എങ്ങനെ?

(5×2 = 10)

## Part C

*Answer any **five** questions in about **one or two pages***

*Each question carries **4 marks.***

17. അധ്യാപകൻ നിത്യവിദ്യാർത്ഥി ആയിരിക്കണം ഈ പ്രസ്താവനയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു?
18. കലാപഠനം ,പ്രവൃത്തിപഠനം എന്നിവ വിദ്യാലയങ്ങളിൽ പ്രത്യേക വിഷയങ്ങളായി പഠിപ്പിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടോ? വ്യക്തമാക്കുക.
19. ഓരോ ക്ലാസ്സുകൾക്കു ശേഷവും അധ്യാപകൻ കുട്ടികളുടെ പ്രതികരണങ്ങൾ എഴുതി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്ത് ?
20. മൂല്യബോധമുള്ള തലമുറയെ രൂപപ്പെടുത്താൻ മലയാളം അധ്യാപകൻ അനുവർത്തിക്കേണ്ട നടപടികൾ എന്തെല്ലാം?
21. മാതൃഭാഷാപഠനം കേരളത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളികൾ ഏവ ?
22. വിദ്യാഭ്യാസ നയരൂപീകരണത്തിൽ അടിസ്ഥാന ഗവേഷണങ്ങൾ (Basic Research)ആണ് വേണ്ടത് .എന്തുകൊണ്ടാണ് ക്രിയാഗവേഷണത്തിലൂടെ ഇത് സാധിക്കാൻ കഴിയാത്തത് ? സമർത്ഥിക്കുക.
23. ഗുണാത്മക ഗവേഷണം (Qualitative research) ,പരിമാണാത്മക ഗവേഷണം (Quantitative research) എന്നിവ വിശദീകരിക്കുക.

(5×4 = 20)

## Part D

*Answer any **one** question in about **three or four pages.***

*Each question carries **10** marks.*

24. ദേശീയോദ്ഗ്രഥനത്തിനു തടസ്സമായി നിൽക്കുന്ന കാരണങ്ങൾ പരിശോധിച്ച് ഭാഷാക്ലാസ്സുകളിൽ അവ പരിഹരിക്കുന്നതിന് വേണ്ടി നല്ലാവുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുക.

25. മലയാളഭാഷാഗവേഷണത്തിന്റെ പരിണാമഘട്ടങ്ങൾ ചുരുക്കി വിവരിക്കുക.

(1×10 = 10)